പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4972 — 14.11.2019 -ൽ മറുപടിയ്ക്ക്

## ഇരിമ്പിളിയം, മേൽമുറി വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, മേൽമുറി എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച് മലപ്പുറം ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) 2019-20 വർഷത്തെ പ്ലാൻ സ്കീമിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള മേൽമുറി വില്ലേജ് ഓഫീസിലെ കെട്ടിട നിർമ്മാണത്തിന് മലപ്പുറം ജില്ലാ കളക്ടർ നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും എഗ്രിമെന്റ് വയ്ക്കുന്നതിന് നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇരുമ്പിളിയം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ടെൻഡർ നടപടികൾ ഏതുവരെയായി എന്നുള്ള വിവരം അറിയിക്കാമോ; | (ബി) ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി തീരുമാനിച്ച് എഗ്രിമെന്റിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ? | (സി) മേൽമുറി വില്ലേജാഫീസ് നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇരിമ്പിളിയം വില്ലേജ് ഓഫീസ് പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ